# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ-172

18.06.2012-ൽ മറുപടിയ്ക്ക്

## ആദിവാസികളുടെ സമരം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ<br>ശ്രീ. എ. കെ. ബാലൻ<br>ശ്രീ.സി.കൃഷ്ണൻ<br>ശ്രീ. ജെയിംസ് മാത്യു | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ബഹു. ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) ഭൂമിക്കായി സമരം ചെയ്യുന്ന ആദിവാസികൾക്ക് നേരെ പോലീസിനെ ഉപയോഗിക്കാതിരിക്കാൻ നടപടി സ്വീകരിക്കുമോ; | (എ) ഭൂമിക്കായി സമരം ചെയ്യുന്ന ആദിവാസികൾക്കെതിരായി പോലീസ് നിയമപരമായിട്ടല്ലാതെ പ്രവർത്തിക്കുന്നില്ല. ഇത്തരം സമര സന്ദർഭങ്ങളിൽ ക്രമസമാധാനപാലനം മാത്രമാണ് പോലീസ് ചെയ്തു വരുന്നത്. വന നിയമം സെക്ഷൻ 66 അനുസരിച്ച് വനം കയ്യേറ്റങ്ങൾ തടയുന്നതും, ഒഴിപ്പിക്കുന്നതും വനപാലകരുടേയും, പോലീസ് ഉദ്യോഗസ്ഥരുടെയും കർത്തവ്യമാണ്. സംഘടിതമായ വനം കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് മാത്രമേ പോലീസ് സേനയുടെ സഹായം വനം വകുപ്പ് തേടുന്നുള്ളൂ. അത്തരം കയ്യേറ്റങ്ങൾ തടയുന്നതിനും, ഒഴിപ്പിക്കുന്നതിനും പോലീസ് സേനയുടെ സഹായം വനം വകുപ്പിന് ആവശ്യമാണ്. |
| (ബി) വയനാട്ടിൽ ഭൂമിക്കായി സമരം ചെയ്തുവരുന്ന ആദിവാസി സ്ത്രീകളെയും കുട്ടികളെയും കുടി ഒഴിപ്പിച്ച് ജയിലിലിടയ്ക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ; | (ബി) വയനാട്ടിൽ ഭൂമിക്കായി സമരം ചെയ്തുവരുന്ന ആദിവാസി സ്ത്രീകളെയും കുട്ടികളെയും കുടി ഒഴിപ്പിച്ച് ജയിലിലിടയ്ക്കാനുള്ള നിർദ്ദേശം പോലീസ് വകുപ്പ് നൽകിയിട്ടില്ല. എന്നാൽ വയനാട്ടിലെ വനഭൂമി സംരക്ഷിക്കുന്നതിന് ഭരണഘടനാപരമായും നിയമപരമായും ബാദ്ധ്യതയുള്ളതിനാൽ വനം കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് കയ്യേറ്റക്കാരെ അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കുന്നതുൾപ്പെടെയുള്ള നിയമ നടപടികൾ വനം വകുപ്പ് സ്വീകരിച്ചുവരുന്നു. |
| (സി) പ്രസ്തുത സമരവുമായി ബന്ധപ്പെട്ട് ഇതിനകം പോലീസ് അറസ്റ്റ് ചെയ്ത ഗർഭിണികളായ സ്ത്രീകളും കുട്ടികളും ഉൾപ്പെടുന്ന ആദിവാസി സമൂഹത്തിൽപ്പെട്ടവരെത്രയാണെന്നുള്ള കണക്കുകൾ ലഭ്യമാണോ; ജയിലുകളിൽ റിമാന്റിൽ കഴിയുന്നവരെത്ര? | (സി) വയനാട്ടിൽ ആദിവാസി സമരവുമായി ബന്ധപ്പെട്ട് ഗർഭിണികളായ സ്ത്രീകളും കുട്ടികളും ഉൾപ്പെടുന്ന ആദിവാസി സമൂഹത്തിൽപ്പെട്ട ആരെയും പോലീസ് അറസ്റ്റു ചെയ്തിട്ടില്ല. പ്രസ്തുത സമരത്തിൽ വനംവകുപ്പിനെ സഹായിക്കുക മാത്രമാണ് പോലീസ് ചെയ്തത്. എന്നാൽ ഈ സമരത്തിന്റെ പേരിൽ |

അനധികൃത വനം കയ്യേറ്റം നടത്തിയതിന് വനം വകുപ്പ് വയനാട് ജില്ലയിൽ 257 പുരുഷന്മാരെയും, 196 സ്ത്രീകളേയും വന നിയമങ്ങൾ അനുസരിച്ച് അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കി. പ്രായപൂർത്തി യാകാത്ത ഒരു ആൺകുട്ടിയെയും അറസ്റ്റ് ചെയ്ത് ജുവനൈൽ കോടതിയിൽ ഹാജരാക്കി. അറസ്റ്റ് ചെയ്യപ്പെട്ട എല്ലാ സ്ത്രീകളേയും പ്രായപൂർത്തിയാവാത്ത ആൺകുട്ടിയെയും കോടതി സ്വന്തം ജാമ്യത്തിൽ വിടുകയുണ്ടായി. അറസ്റ്റ് ചെയ്യപ്പെട്ടവരിൽ എത്ര ഗർഭിണികൾ ഉണ്ടെന്ന കണക്ക് ലഭ്യമല്ല. അറസ്റ്റ് ചെയ്യപ്പെട്ടവരിൽ പുരുഷന്മാരായ 252 പേരെ കോടതി റിമാന്റ് ചെയ്തിട്ടുണ്ട്.

Mayhel

സെക്ഷൻ ഓഫീസർ.